(ബി) കെ. എസ്. രാജു, ബിജു സൈമൺ എന്നിവർക്കെതിരെ ഐ.പി.സി. 332, 34 വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പരാതി ലഭിച്ചിട്ടില്ല.

(ഡി & ഇ) ഈ സംഭവുമായി ബന്ധപ്പെട്ട മണിടി പഞ്ചായത്ത് മെമ്പർ ഗോപി വാദിയായി ഡോ. നന്ദകുമാറിനെതിരെ ഐ.പി.സി. 341, 323, 294 (ബി) വകുപ്പുകൾ പ്രകാരം ഒരു കേസും ക്രൈം (43/2000). ഡോ. നന്ദകുമാർ വാദിയായി കെ.എസ്.രാജു, ജിജു സൈമൺ എന്നിവർക്കെതിരെ ഐ.പി.സി. 323, 34 പ്രകാരം മറ്റൊരു കേസും (44/2000) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ഗൗരിക്കൊലക്കേസ് പ്രതികളെ പടികൂടാൻ നടപടി

**100 (3290)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീതത്തോട് വാലുപാറ പാറച്ചരുവിൽ ഗൗരികൊല ചെയ്യപ്പെട്ടത് എന്നാണ് എന്നറിയിക്കുമോ ;

(ബി) ഈ കൊലക്കേസ് ഇപ്പോൾ ആരാണ് അന്വേഷിക്കുന്നത് ;

(സി) അന്വേഷണത്തിന്റെ പുരോഗതി വിശദീകരിക്കാമോ ;

(ഡി) അന്വേഷണം ത്വരിതപ്പെടുത്തി പ്രതികളെ പിടികൂടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 13-1-1999-ാം തീയ്തി

(ബി) കോട്ടയം, ക്രൈം ബ്രാഞ്ച് ഡിറ്റക്ടീവ് ഇൻസ്പെക്ടർ ശ്രീ. സി. എം. പത്രോസ്

(സി & ഡി) നാളിതുവരെ അമ്പതോളം സാക്ഷികളെ കണ്ട് ചോദിച്ചിട്ടുണ്ട്. പ്രതികളെ കണ്ടുപിടിക്കുന്നതിന് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

## ഉള്ളൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് നടത്തുന്ന സമാന്തര സർവ്വീസ് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

**101 (3291)** ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ഉള്ളൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് അനധികൃതമായി സമാന്തര സർവ്വീസ് നടത്തുന്ന ടെമ്പോ-ട്രക്കർ എന്നിവയുടെ പ്രവർത്തനങ്ങൾ മൂലം കാൽനടക്കാരും ബസ് യാത്രക്കാരും ഇരുചക്രവാഹന ഉടമയും നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവയുടെ അനധികൃത സർവ്വീസുമൂലം വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ ഭാഗമായി കാൽനടക്കാരെ സഹായിക്കുന്നതിനായി ട്രാഫിക് പോലീസിന്റെ സേവനം കൂടുതൽ പ്രയോജനപ്പെടുത്താൻ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ ഉള്ളൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് അനധികൃതമായി സമാന്തര സർവ്വീസ് നടത്തുന്ന ടെമ്പോ, ട്രക്കർ എന്നിവയുടെ പ്രവർത്തനങ്ങൾ മൂലം കാൽനടക്കാർക്കും ബസ് യാത്രക്കാർക്കും ബുദ്ധിമുട്ടുള്ളതായി യാതൊരു പരാതിയും ഇന്നേവരെ ലഭിച്ചിട്ടില്ല. എന്നാൽ പാരലൽ സർവ്വീസ് നടത്തുന്നതിനെതിരായി ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരായി കേരള മോട്ടോർ വെഹിക്കിൾ ആക്ടിലെ സെക്ഷൻ 66/ആർ/ ഡബ്ലിയൂ 192 പ്രകാരം നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) ഉള്ളൂർ ജംഗ്ഷനിൽ ഗതാഗതക്കുരുക്ക് ഉണ്ടാകാതിരിക്കുന്നതിനും കാൽനടക്കാരെ റോഡ് മുറിച്ച് കടക്കുന്നതിന് സഹായിക്കുന്നതിനും വേണ്ടി രാവിലെ 8 മണി മുതൽ വൈകിട്ട് 8 മണിവരെ ഒരു സബ് ഇൻസ്പെക്ടറുടേയും രണ്ടു പോലീസുകാരുടെയും സേവനം ഉപയോഗിച്ചുവരുന്നുണ്ട്.

**നസീം മൻസിലിൽ ഷീബയുടെ മരണം**

**102 (3292)** ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ വെള്ളക്കിണർ വാർഡിൽ നസീം മൻസിലിൽ താമസിച്ചിരുന്ന ഷീബ മരണമടഞ്ഞത് സംബന്ധിച്ച പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ;

(ബി) പൊള്ളലേറ്റ് മരണമടഞ്ഞ ഷീബയുടെ മരണം കൊലപാതകം മൂലമാണെന്ന് ഷീബയുടെ പിതാവ് പോലീസിൽ പരാതിപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൻ പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഈ കേസ് അന്വേഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പോലീസിന്റെ ഏത് വിഭാഗമാണ് അന്വേഷിക്കുന്നത്, ആർക്കാണ് അന്വേഷണചുമതലയെന്നുമുള്ള വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) ഷീബയുടെ മരണത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാട്ടുകാർ രൂപീകരിച്ച ആക്ഷൻ കൗൺസിൽ പോലീസിന് പരാതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഷീബയുടെ മരണകാരണം കണ്ടുപിടിക്കുന്നതിനും കൊലപാതകം ആണെങ്കിൽ കുറ്റക്കാരായ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly